**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3651** **20.06.2018**- ൽ മറുപടിയ്ക്ക്

## വയോമിത്രം, സായം പ്രഭ പദ്ധതികൾ

ചോദ്യം

മറുപടി

ശ്രീ. സജി ചെറിയാൻ.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങൾക്കായി നടപ്പാക്കുന്ന വയോമിത്രം, സായം പ്രഭ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ നഗരസഭാ പ്രദേശത്ത് (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സുരക്ഷയും, മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് **'വയോമിത്രം'**. 2010 – 11 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി നിലവിൽ 87 നഗരസഭാ പ്രദേശത്ത് നടപ്പാക്കി വരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, കൗൺസിലിംഗ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ഈ പദ്ധതി വഴി ലഭിക്കും.<br>മുതിർന്ന പൗരന്മാർക്ക് അവരുടെ വീടിന് സമീപം തന്നെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ തന്നെ ആവശ്യം വേണ്ട വൈദ്യസഹായം ലഭ്യമാകുന്ന ഈ പദ്ധതിയുടെ സ്വീകാര്യത കണക്കിലെടുത്ത്, പുരോഗതി വിലയിരുത്തി ഈ സർക്കാർ അധികാരത്തിൽ |

| | | | |
|---|---|---|---|
| | | | വന്ന ശേഷം ടി പദ്ധതി 49 മുനിസിപ്പാലിറ്റികളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.<br>നടപ്പ് സാമ്പത്തിക വർഷം പദ്ധതി, സംസ്ഥാനത്തെ 14 ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദ ചികിത്സ ലഭ്യമാകുന്ന **'ആയുർമിത്രം'** പദ്ധതി നടപ്പ് സാമ്പത്തിക വർഷം 6 കോർപ്പറേഷൻ പ്രദേശത്ത് ആരംഭിക്കുന്നതാണ്.<br><br>സായംപ്രഭ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ടി പദ്ധതി വിലയിരുത്തിവരുന്നു. നിരവധി വയോജനങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുള്ളതാണ്. |
| (ബി) | വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകളെ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, സഹായിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; അവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡ് മുഖാന്തിരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വയോജന സ്ഥാപനങ്ങളിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും സന്ദർശനം നടത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും അവരുടെ പ്രവർത്തനം നിരീക്ഷിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**